## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1298** **14-03-2022 - ൽ മറുപടിയ്ക്ക്**

## ഫോക്കസ് ഏരിയ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം മതിയായ ക്ലാസ്സുകളും പരിശീലനവും നൽകാൻ കഴിയാത്ത സാഹചര്യത്തിൽ 75 ശതമാനം മാർക്കിനുള്ള ഭാഗങ്ങൾ മാത്രം ഫോക്കസ് ഏരിയയിൽ ഉൾപ്പെടുത്തിയതിനാൽ ഈ അദ്ധ്യയന വർഷം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് വലിയ ആശങ്ക ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | (എ) കോവിഡ് മഹാമാരി മൂലം സ്കൂളുകളിൽ നേരിട്ടുള്ള അദ്ധ്യയനം സാധ്യമല്ലാതിരുന്നതുമൂലം ക്ലാസ്സുകൾ KITE VICTORS ചാനൽ വഴിയുള്ള ഡിജിറ്റൽ മാധ്യമത്തിലൂടേയും G-SUIT വഴിയുള്ള ഓൺലൈൻ ക്ലാസ്സുകളിലൂടെയും ഫലപ്രദമായി നടത്തിയിട്ടുണ്ട്. നേരിട്ടുള്ള അധ്യയനം 2021 നവംബർ 01 ന് ആരംഭിച്ചതിനെ തുടർന്ന് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ 'തിരികെ സ്കൂളിലേയ്ക്ക്' എന്ന പേരിൽ നൽകുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും അധ്യയന പ്രക്രിയ സുഗമമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അധ്യാപകർക്കും, വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. ഓരോ വിഷയത്തിലേയും ആകെ പാഠഭാഗത്തിന്റെ 60 ശതമാനം ഫോക്കസ് ഏരിയ ആയി നിശ്ചയിക്കുകയും അതിൽ നിന്ന് 70 ശതമാനം സ്കോർ ലഭിക്കും വിധം ചോദ്യങ്ങൾ ഉണ്ടാകണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഉപരി 50 ശതമാനം അധിക ചോദ്യങ്ങളും ചോദ്യപേപ്പറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മോഡൽ പരീക്ഷ തുടങ്ങുന്ന മാർച്ച് 16 ന് മുൻപ് തന്നെ പാഠഭാഗങ്ങൾ പൂർത്തീകരിച്ച് പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നൽകി വിദ്യാർത്ഥികളുടെ എല്ലാ വിധ ആശങ്കകളും ദുരീകരിക്കുന്നതിന് ആവശ്യമായ നടപടി പൊതുവിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | പൊതു പരീക്ഷകൾക്കുള്ള ഫോക്കസ് ഏരിയ നിർണയിക്കുന്നതിനായി അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (ബി) | (ബി) ചർച്ച നടത്തിയിട്ടില്ല. |
| (സി) | മുൻ അദ്ധ്യയനവർഷം എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥികൾക്ക് പോലും പ്ലസ് വൺ | (സി) | (സി) സാഹചര്യമുണ്ടായിരുന്നു. എന്നാൽ അത് പരിഹരിച്ചു. മുൻ വർഷത്തെക്കാൾ അദ്ധ്യയന |

| | | | |
|---|---|---|---|
| | അഡ്മിഷൻ ലഭ്യമാക്കുവാൻ കഴിയാതിരുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു നടപടി സ്വീകരിച്ചത് കഴിഞ്ഞ അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ പഠനം നടത്തിയിട്ടാണോ; വിശദാംശങ്ങൾ നൽകുമോ? | | സാഹചര്യം മെച്ചപ്പെട്ടതിനാലും അർഹതയ്ക്ക് അനുസരിച്ച് വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കേണ്ടതിനാലും ഫോക്കസ് ഏരിയ സംബന്ധിച്ചും പരീക്ഷാ സംബന്ധിച്ചും വിദഗ്ധാഭിപ്രായം പരിഗണിച്ചാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ